1/12/21.
18/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.472(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*4321/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സോമനാഥൻ കെ.,
ചിത്തിര, നെടുവത്തൂർ,
നീലേശ്വരം പി.ഒ.,
കൊട്ടാരക്കര, കൊല്ലം-691505 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ,
സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
മാവേലിക്കര

2. അപ്പീൽ അധികാരി &
റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ,
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
ആലപ്പുഴ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 01.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.02.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23.03.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 27.03.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.05.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 09.07.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 12.11.2021, പുനലൂർ |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സോമനാഥൻ കെ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ പൂർണ്ണമായ മറുപടി ലഭ്യമായില്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേലും ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 01.01.2021 ൽ സമർപ്പിച്ച അപേക്ഷയിൽ നമ്പർ 31/7834/2014 ഡ്രൈവിംഗ് ലൈസൻസിന്റെ ചില വിവരങ്ങളാണ് ആവശ്യപ്പെട്ടത്. ആയതിന് 29.01.2021 ൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ 31/7834/2014 നമ്പർ ഡ്രൈവിംഗ് ലൈസൻസിന്റെ ഉടമയുടെ അഡ്രസ്സും ജനന തീയതിയും നൽകാൻ കഴിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട മറ്റു വിവരങ്ങൾ നൽകിയതായും കാണുന്നു. ആയതു ചൂണ്ടിക്കാട്ടി ടിയാൻ 06.02.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. 31/7834/2014 നമ്പർ ഡ്രൈവിംഗ് ലൈസൻസിന്റെ ഉടമയുടെ മേൽവിലാസം ഒരു മൂന്നാംകക്ഷി വിവരം ആയതിനാൽ വിവരാവകാശ നിയമം 8(1)(ജെ) വകുപ്പ് പ്രകാരം ലഭ്യമാക്കുവാൻ സാധിക്കില്ലെന്നും ഉടമയുടെ സമ്മതം ആരാഞ്ഞതിനു ശേഷം എതിർപ്പില്ലെങ്കിൽ വിവരം ലഭ്യമാക്കണമെന്നും 10.02.2021 ൽ ഒന്നാം എതിർകക്ഷിയോട് രണ്ടാം എതിർകക്ഷി നിർദ്ദേശിച്ചതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി 09.07.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, പൊതുരേഖകൾ അല്ലാത്ത തികച്ചും വ്യക്തിപരമായ ഒരാളുടെ വിവരം ആണ് അപേക്ഷകൻ ആവശ്യപ്പെടുന്നതെങ്കിൽ ആ വിവരം വെളിവാക്കേണ്ടതിലെ പൊതുതാൽപര്യം എന്താണെന്ന് അപേക്ഷയിൽ തന്നെ 11(1) വകുപ്പ് പ്രകാരം വ്യക്തമാക്കിയിരിക്കണമെന്നും അപ്രകാരം അപേക്ഷകൻ പൊതു താൽപര്യം ടി വിഷയത്തിൽ എന്താണെന്ന് അപേക്ഷയിൽ വ്യക്തമാക്കിയിട്ടില്ലെന്നും നിലവിലെ സോഫ്റ്റ് വെയർ പ്രകാരം ലൈസൻസ് പർട്ടിക്കുലേഴ്സിന് 75/- രൂപ ഫീസ് ഒടുക്കി അപേക്ഷ സമർപ്പിക്കുവാൻ സാധ്യമല്ല എന്നും കേന്ദ്രഗവൺമെന്റ് വെബ്സൈറ്റായ ''സാരഥി''യിൽ ലൈസൻസ് പർട്ടിക്കുലേഴ്സ് ലഭിക്കുന്നതിന് ജനനതീയതി നൽകിയാൽ മാത്രമേ ലഭിക്കുകയുള്ളുവന്നെും ആയതിൽ നിന്നും രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതിന് വേണ്ടിയാണെന്ന് മനസ്സിലാക്കാവുന്നതാണെന്നും വാഹനാപകടത്തിൽപ്പെട്ടവർക്ക് ക്ലെയിം നൽകുന്നത് ബഹു. കോടതിയുടെ പരിഗണനയിൽ ആയതുകൊണ്ട് ബഹു. കോടതി നേരിട്ട് ടി അതോറിറ്റിയോട് ആവശ്യപ്പെട്ടാൽ അന്നുതന്നെ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുകയാണ് പതിവെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 01.01.2021 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 29.01.2021 തീയതി മറുപടി നൽകിയതായി കാണുന്നു. ടിയാന്റെ 06.02.2021 ലെ അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി 10.02.2021 തീയതി മേൽവിവരങ്ങൾ സൂചിപ്പിച്ച് മറുപടി അറിയിച്ചതായും കാണുന്നു. എതിർകക്ഷികൾ യഥാസമയം ഹർജികക്ഷിക്ക് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഹർജികക്ഷി ആവശ്യപ്പെട്ട ഒന്നാമത്തെ ചോദ്യത്തിന് അഡ്രസ്സും ജനന തീയതിയും 8(1)(ജെ) വകുപ്പു പ്രകാരം നൽകാൻ കഴിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട മറ്റെല്ലാ വിവരങ്ങളും നൽകിയിട്ടുള്ളതായാണ് 12.11.2021 ൽ പുനലൂർ റസ്റ്റ് ഹൗസിൽ വച്ച് കമ്മീഷൻ നേരിട്ടു നടത്തിയ ഹിയറിംഗിൽ പങ്കെടുത്ത എസ്.പി.ഐ.ഒ. യുടെ മൊഴിയിൽ

പറയുന്നത്. വാഹനാപകടം പറ്റിയ ആളിന് കാലതാമസം കൂടാതെ കോമ്പൻഷേൻ നൽകുന്നതിന് വേണ്ടിയാണ് അഡ്രസ്സും ജനന തീയതിയും ആവശ്യപ്പെട്ടത് എന്നാണ് ഹർജികക്ഷി മൊഴി നൽകിയത്. കോടതി നേരിട്ട് അതോറിറ്റിയോട് ആവശ്യപ്പെട്ടാൽ അന്നുതന്നെ ടി വിവരങ്ങൾ നൽകാമെന്നാണ് എതിർകക്ഷി മൊഴി രേഖപ്പെടുത്തിയത്. രേഖകളും മൊഴിയും പരിശോധിച്ചതിൽ ഹർജികക്ഷി ആവശ്യപ്പെട്ടതിൽ ജനന തീയതിയും അഡ്രസ്സും ഒഴികെ എല്ലാം നൽകിയിട്ടുളളതായി കാണുന്നു. ജനന തീയതി നൽകാൻ 8(1)(ജെ) പ്രകാരം കഴിയില്ല എന്നു എതിർകക്ഷി പറയുന്നത് നിയമപ്രകാരം അംഗീകരിക്കാവുന്നതാണ്. എന്നാൽ അഡ്രസ്സ് നൽകാവുന്ന താണ് എന്ന് കമ്മീഷൻ നിരീക്ഷികയും ഹർജകക്ഷി ആവശ്യപ്പെട്ട പ്രകാരം അഡ്രസ്സ് ടിയാന് നൽകേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 18–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp